# സ്വകാര്യങ്ങൾ ആഗോളവൽക്കരിക്കപ്പെടുമ്പോൾ



**അരുന്ധതിറോയി**

നിയന്ത്രണമില്ലാത്ത കോർപ്പറേറ്റ് ആഗോളവൽക്കരണത്തിന്റെ പത്തുവർഷങ്ങളാണ് കഴിഞ്ഞുപോയത്. വർഷത്തിലേതാണ്ട് 2.5% വളർച്ചയാണ് ലോകത്തിന്റെ മൊത്തവരുമാനത്തിൽ ഉണ്ടായത്. പക്ഷെ ദരിദ്രരുടെ എണ്ണത്തിൽ പ്രതിവർഷം 100ലക്ഷം വർദ്ധന രേഖപ്പെടുത്തിയിട്ടുണ്ട്. ഏറ്റവും വലിയ നൂറു സമ്പന്നരിൽ 51-ഉം രാജ്യങ്ങളല്ല, ബഹുരാഷ്ട്ര കോർപ്പറേറ്റുകളാണ്. ഏറ്റവും സമ്പന്നരായ 1% ആളുകളുടെ വരുമാനം താഴെക്കിടയിലുള്ള 57% ജനങ്ങളുടെ വരുമാനത്തിന് തുല്യമാണ്. ഭീകരതക്കെതിരായ യുദ്ധം ഈ പ്രക്രിയക്ക് ഒരു വലിയ കട തീർത്തിരിക്കുന്നു. സ്യൂട്ടും കോട്ടും ധരിച്ച മനുഷ്യർക്ക് വലിയ ധൃതിയാണ്. ബോംബുകൾ വർഷിക്കപ്പെടുമ്പോൾ, ലോകം കൂടുതൽ സുരക്ഷിതമാക്കാൻ ആണവായുധങ്ങൾ കുമ്പാരം കൂട്ടിക്കൊണ്ടിരിക്കുമ്പോൾ ഇവർ കരാറുകൾ ഒപ്പിടുന്നു, എണ്ണപൈപ്പുകൾ ഇടുന്നു, പോസ്റ്റുകൾ രജിസ്റ്റർ ചെയ്യുന്നു, പ്രകൃതി സമ്പത്തുകൾ കൊള്ളയടിക്കുന്നു, വെള്ളം സ്വകാര്യവൽക്കരിക്കുന്നു, ജനാധിപത്യം തകർക്കപ്പെടുന്നു.

സ്വതന്ത്രകമ്പോളം' തകർക്കുന്നത് ദേശീയ പരമാധികാരത്തെയല്ല മറിച്ച് ജനാധിപത്യത്തെ തന്നെയാണ്. ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള വിടവ് കൂടിക്കൊണ്ടിരിക്കുമ്പോൾ ഒളിച്ചുവെക്കപ്പെട്ട പല കെണികളും ഒരുക്കുന്നു..........................................

ഇന്ന് കോർപ്പറേറ്റ് ആഗോളവൽക്കരണം ദരിദ്രരാജ്യങ്ങളോട് ആവശ്യപ്പെടുന്നത് തങ്ങളോട് കൂറു കാട്ടുന്ന, അഴിമതിക്കാരായ, അധികാരം ആഘോഷിക്കുന്ന സർക്കാരുകളുടെ ഒരു അന്തർദേശീയ കൂട്ടായ്മയാണ്. സഹികെട്ട ജനങ്ങളുടെ സമരങ്ങളെ അടിച്ചമർത്താനും ജനവിരുദ്ധ പരിഷ്കാരങ്ങൾ നടപ്പിലാക്കാനുമാണത്. സ്വതന്ത്രമെന്നു നടിക്കാത്ത ഒരു പത്രലോകത്തെയാണ് ഇതിനാവശ്യം. അതിന് ആണവബോംബുകളും സേനകളും കുറച്ചുകൂടി ശക്തമായ എമിഗ്രേഷൻ നിയമങ്ങളും തീരദേശത്ത് എപ്പോഴും ജാഗ്രത്തായ കാവൽക്കാരുമാണ് വേണ്ടത്. ജനങ്ങളുടെ സ്വതന്ത്ര സഞ്ചാരത്തിനോ അവരുടെ അവകാശങ്ങൾ സംരക്ഷിക്കാനോ പരിസ്ഥിതി സംരക്ഷിക്കാനോ നീതി നടപ്പിലാക്കാനോ അല്ല ഇത് ; സമ്പത്ത്, പേറ്റന്റുകൾ, ഉല്പന്നങ്ങൾ, സേവനങ്ങൾ എന്നീ ആഗോളവൽക്കരിക്കപ്പെട്ട അവരുടെ സ്വകാര്യങ്ങൾ സംരക്ഷിക്കാനാണ്.

**(അമേരിക്കയിലെ ന്യൂമെക്സിക്കോയിലെ ലെനിൻ ഫൗണ്ടേഷനിൽ സെപ്റ്റം 18ന് നടത്തിയ പ്രഭാഷണത്തിൽ നിന്ന്)**